# രതീയസൗന്ദര്യശാസ്ത്രവിചാരങ്ങൾ–ആധുനിക മലയാളനിരൂപണത്തിൽ

**BINCY C.J.** M.A., B.Ed

*Assistant Professor in Malayalam, Pavanatma College, Murickassery*

annjamessh@gmail.com

## സംഗ്രഹം

മലയാളത്തിൽ ആധുനികതയുടെ വക്താവും പ്രയോക്താവുമായ കെ.പി.അപ്പൻ അറുപതുകളുടെ അവസാനത്തിലാണ് വിമർശനരംഗത്തേക്ക് കടന്നുവന്നത്. പരമ്പരാഗത വിമർശപാരമ്പര്യത്തിൽ വിട്ടുനിന്ന അദ്ദേഹം ആധുനിക എഴുത്തുകാർ ആവിഷ്ക്കരിച്ച നിഷേധഭാവങ്ങളെ ആധുനിക പാശ്ചാത്യദർശനങ്ങളുടെ അടിസ്ഥാനത്തിൽ അപഗ്രഥനവിധേയമാക്കി. ഭാഷ,ശൈലി എന്നീവിഷയങ്ങളിൽ യൂറോപ്യരുടെ നിലപാടുകളാണ് അപ്പനും കൈക്കൊണ്ടത്. ഇങ്ങനെ തികച്ചും ആധുനികനായിരിക്കുമ്പോഴും ഭാരതീയ സാഹിത്യ സിദ്ധാന്താങ്ങളുടെ സ്വാധീനം കെ.പി.അപ്പന്റ സാഹിത്യനിരൂപണങ്ങളിൽ പ്രകടമാണ്. കെ.പി.അപ്പന്റ കൃതികളെ ഉപജീവിച്ച് അദ്ദേഹത്തിന്റ നിരൂപണങ്ങളിലെ ഭാരതീയസാഹിത്യ സിദ്ധാന്താങ്ങളുടെ സ്വാധീനം കണ്ടെത്താനാണ് ഇവിടെ ശ്രമിക്കുന്നത്.

പാശ്ചാത്യസാഹിത്യത്തിലെ ആധുനികപ്രവണതകളെ മലയാളകൃതികളിലാരോപിച്ച് 'തിരസ്ക്കാര'ത്തിലൂടെ മലയാളവിമർശനത്തിന് പുതിയഭാഷ്യം രചിച്ച കെ.പി.അപ്പന്റ നിരൂപണങ്ങളിലെ ഭാരതീയ സൗന്ദര്യശാസ്ത്ര സ്വാധീനമാണ് ഈ ലേഖനത്തിൽ അന്വേഷിക്കുന്നത്

മലയാളത്തിലെ ആധുനികത ഇറക്കുമതി ചരക്കാണെന്ന വിമർശനത്തിനെതിരെ തീവ്രമായി പ്രതികരിച്ച ആധുനിക നിരൂപകനാണ് കെ.പി.അപ്പൻ. മലയാളത്തിലെ ആധുനികതയിൽ ഭാരതീയ മനസ്സിനെ കണ്ടെത്തിക്കൊണ്ടാണ് അപ്പൻ ആ വിമർശനത്തെ നേരിട്ടത്. അത് ഭാരതീയ കാവ്യമീമാംസയോടുള്ള അപ്പന്റെ ആദരവ് പ്രകടിപ്പിക്കാൻ കൂടിയായിരുന്നു. കെ.പി.അപ്പനെ ഇതര മലയാള ആധുനിക നിരൂപകരിൽനിന്ന് വ്യത്യസ്തനാക്കുന്നതും അദ്ദേഹത്തിന്റെ ഈ ഭാരതീയദർശനമാണ്. സൂക്ഷ്മവിശകലനത്തിൽ ഭാരതീയ നിരൂപണത്തിന്റെ തുടർച്ച തന്നെയായിരുന്നു അദ്ദേഹത്തിന്റെ നിരൂപണം. "എന്റെ മനസ്സിൽ മറഞ്ഞിരിക്കുന്ന ദൈവമാണ് ഭാരതീയസാഹിത്യദർശനം. 'ആനന്ദം പരമാനന്ദം പ്രതിഷ്ഠ നേടട്ടെ എന്ന നമ്മുടെ കാവ്യമീംമാസയിലെ പ്രാർത്ഥനയോടെയാണ് എന്റെ എല്ലാ വിമർശനങ്ങളും ആരംഭിക്കുന്നത്"[1] എന്ന അദ്ദേഹത്തിന്റെ വാക്കുകൾ ഇതിന് ഉദാഹരണമാണ്. കവിക്കുവേണ്ട പ്രതിഭ, വ്യുൽപത്തി, അഭ്യാസം എന്നീ മൂന്നുസിദ്ധികളും സഹൃദയനും (ഭാവുകനും) അനിവാര്യമാണെന്ന് അറിഞ്ഞിരുന്ന ഈ നിരൂപകന്റെ പ്രായോഗികനിരൂപണങ്ങളിലും പ്രത്യേകിച്ച് ഗ്രന്ഥനാമങ്ങളിലും ലേഖനങ്ങളുടെ തലക്കെട്ടുകളിലും ഇതു വ്യക്തവുമാണ്. വീരമാണ് അദ്ദേഹത്തിന്റ വിമർശനകലയുടെ അംഗിയായരസം. നാലുതലങ്ങളിൽ നിന്നുകൊണ്ട് കെ.പി.അപ്പന്റെ നിരൂപണത്തിലെ ഭാരതീയ കാവ്യശാസ്ത്രഘടക

ങ്ങൾ കണ്ടെത്താനാണ് ഇവിടെ ശ്രമിക്കുന്നത്.

### 1. കാലബോധത്തിന്റെ ആധുനികവിചാരങ്ങൾ

കാലത്തെക്കുറിച്ചുള്ള ജ്ഞാനത്തിന്റെ ഉള്ളടക്കങ്ങളും കാലകല്പനകളും ഛായരൂപങ്ങളും ആദ്യം കാണുന്നത് വേദങ്ങളിലാണ്. ചരിത്രം അതിന്റെ അവതാരം അറിയിക്കുന്നതിനുമുമ്പുതന്നെ ഭാരതീയമനസ്സ് കാലത്തിന്റെ വിശപ്പിനെക്കുറിച്ചുള്ള ഉജ്ജ്വല കല്പനകളിൽ മുഴുകിയിരുന്നു. ഈ ഭാരതീയകാല സങ്കല്പത്തെയാണ് അപ്പൻ മലയാളത്തിലെ ആധുനിക കൃതികളിൽ അന്വേഷിച്ചത്."കീഴടക്കാൻ പ്രയാസമായ ഒന്നിനോടു തോന്നുന്ന ആദരവ് കാലത്തിനോട് എനിക്കുതോന്നി''[2] എന്ന് അദ്ദേഹം തന്റ നിരൂപണകൃതിയിൽ വ്യക്തമാക്കുന്നുണ്ട്. 'മാറുന്ന മലയാള നോവൽ' എന്ന ഗ്രന്ഥത്തിൽ എം.ടിയുടെ 'മഞ്ഞ്', ഒ.വി.വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസം', വി.കെ. എൻ–ന്റെ 'പിതാമഹൻ', സേതുവിന്റെ 'പാണ്ഡവപുരം', കാക്കനാടന്റെ 'ഏഴാംമുദ്ര', പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ 'മരുന്ന്' എന്നീ നോവലുകളിലെ കാലസങ്കല്പം അപ്പൻ വിശദമായി അപഗ്രഥിക്കുന്നുണ്ട്."അനന്തമായ സമയക്രമത്തെക്കുറിച്ചുള്ള പ്രത്യക്ഷജ്ഞാനം യോഗിയുടെ നിലയിലേക്ക് ഉയർന്ന നോവലിസ്റ്റിനുമാത്രം കിട്ടുന്ന ഒന്നാണെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു."[3] 'സമയപ്രവാഹവും സാഹിത്യകലയും' എന്ന കൃതിയിൽ തുഞ്ചത്ത് എഴുത്തച്ഛൻ മുതൽ എ.അയ്യപ്പൻവരെയുള്ള കവികളുടെയും സി.വി.രാമൻപിള്ള മുതൽ മേതിൽ രാധാകൃഷ്ണൻവരെയുള്ള നോവലിസ്റ്റുകളുടെയും കാലസങ്കൽപ്പത്തെക്കുറിച്ച് കെ.പി.അപ്പൻ വിശദമായി അപഗ്രഥിക്കുന്നുണ്ട്.ആധുനികമലയാള കവിതയിലെ കാലസങ്കല്പത്തെ അപഗ്രഥിക്കുന്ന 'സമയബോധത്തിന്റെ സാഹസികയാത്രകൾ' എന്ന ലേഖനത്തിൽ കാലബോധത്തിന്റെ ത്രികാലലയനങ്ങളുടെ സൗന്ദര്യബോധപരമായ അസ്തിവാരത്തെ 'ഭാഷാഭൂഷണ'ത്തിലെ ഭാവികം എന്ന അലങ്കാരത്തിൽ ആരോപിക്കുന്നു. രൂപം മാറുന്നകാലബോധവും ത്രികാലങ്ങളുടെ ലയനവും ഭ്രാന്തമായി ചലിക്കുന്ന ഘടികാരസൂചികളും മലയാളികളുടെ സൗന്ദര്യബോധത്തിന്റ ഭാഗം കൂടിയാണെന്നാണ് അദ്ദേഹത്തിന്റ പക്ഷം.[4] കാലം പാശ്ചാത്യചിന്തകരുടെയും ദർശനത്തിന്റ ഭാഗമായിരുന്നു.ഈ ദർശനത്തിന്റ വേരുകൾ ഭാരതീയസാഹിത്യത്തിൽ കണ്ടെത്താൻ കെ.പി. അപ്പനുകഴിഞ്ഞു.

### 2. ഭാഷ : വിചിത്രമായ അഭിധ

ഭഷയിലും ശൈലിയിലുമുണ്ടാകുന്ന പരീക്ഷണങ്ങൾ ഗൗരവപൂർവ്വം ശ്രദ്ധിച്ചിരുന്ന കെ.പി.അപ്പൻ തന്റ വിമർശനകലയെ സ്വകാര്യമായ ഭാഷാദർശനമാക്കാനാണ് ശ്രമിച്ചത്. "പുതിയൊരു ഭാഷ സൃഷ്ടിക്കുക എന്നുപറഞ്ഞാൽ വിചിത്രമായ അഭിധ സൃഷ്ടിക്കുക എന്നുതന്നെയാണർത്ഥം. സാഹിത്യകലയുടെ ജീവൻ വിചിത്രമായ അഭിധയാണ്''[5] എന്ന് തിരസ്ക്കാരത്തിൽ വ്യക്തമാക്കിയിട്ടുമുണ്ട്. അദ്ദേഹത്തിന്റെ രചനകളിലെ ഭാരതീയതയെപ്പറ്റി ചിന്തിക്കുമ്പോൾ നമ്മുടെ സവിശേഷശ്രദ്ധ അർഹിക്കുന്നത് ലേഖനങ്ങളുടെ തലക്കെട്ടുകളിലും ലേഖനങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ചില പ്രയോഗങ്ങളിലുമാണ്.

ചില ഉദാഹരണങ്ങൾ:–

- വിവേകശാലിയായ വായനക്കാരാ
- നിരാനന്ദത്തിന്റെ ചിരി
- പലപ്പോഴും ശിഥില സമാധിയിൽ
- രണ്ടാമത്തെ സാലഭഞ്ജിക പറഞ്ഞകഥ
- മൃതനായ ക്ഷത്രിയന്റെ കൈയിലെ ധനുസ്സ്
- നാഗലിംഗപുഷ്പത്തിന്റെ കേസരങ്ങൾപോലെ സുന്ദരിയായ രാധ

ISSN-2455-0736 (Print)
ISSN-2456-4052(Online)

- ഭ്രാന്തമായി പ്രവർത്തിക്കുന്ന സൂര്യഘടികാരം
- നിത്യസ്രാവന്തിയായ കാലം കലങ്ങിമറിയുന്നു
- അസുരചിരി ചിരിക്കുന്ന യോഗി
- യുദ്ധക്കലികൊണ്ട കാലദർശനം
- ബീഭത്സരസത്തിന്റെ സന്യാസസാക്ഷ്യം
- സെൻ ദർശനവും ക്രൈസ്തവബോധ്യങ്ങളും

ഭാരതീയ സംപ്രത്യയങ്ങളെ നിരന്തരം ഉപയോഗിക്കുന്ന വിമർശകനെയാണ് ഈ ഉദാഹരണങ്ങളിൽ കാണുന്നത്. വിമർശകന്റെ വ്യക്തിത്വം എന്നുപറയുന്നത് അയാളുടെ അഭിരുചിയും അയാൾക്ക് കിട്ടിയ സൗന്ദര്യശിക്ഷണവും ഉൾച്ചേർന്ന ഒന്നാണ്. ഉപനിഷത്തുകളുടെയും ബുദ്ധദർശനത്തിന്റെയും സ്വാധീനം ഈ നിരൂപകനിൽ കാണാം. ഓരോ എഴുത്തുകാരനും ഓരോ പുതിയ ബുദ്ധനാകേണ്ടതുണ്ടെന്നും അടിസ്ഥാനപരമായ കാര്യങ്ങളിൽ ബുദ്ധനെ ഒഴിവാക്കാൻ ഒരാൾക്ക് സാധ്യമല്ലെന്നും അപ്പൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. സക്കറിയയുടെ 'അന്നമ്മ ടീച്ചർ – ഒരോർമ്മക്കുറിപ്പ്' എന്ന കഥാപഠനത്തിൽ സെൻദർശനം വ്യക്തമാക്കുന്നതുപോലെ എല്ലാം പൂർണ്ണമായി അറിയുന്നത് വിഭ്രാന്തിയാണ്. അറിയാതിരിക്കുന്നത് ശുദ്ധമായശൂന്യത എന്ന നിലയിലും ഈ കഥ ആസ്വദിക്കണം എന്നു പറഞ്ഞുവയ്ക്കുന്നുണ്ട്. അപാരമായശൂന്യത ബുദ്ധമതത്തിന്റ ആദ്യതത്ത്വമാണ്.

### 3. അധിനിരൂപണം

ആധുനിക പാശ്ചാത്യചിന്തകരുയർത്തിപ്പിടിച്ച സ്വതന്ത്ര്യബോധത്തെ ജീവിതത്തിലുടനീളം ദർശനമായി സ്വീകരിച്ചപ്പോഴും,ലോകത്തിന്റെ എല്ലാ ഭാഗത്തുനിന്നും അറിവ് സമ്പാദിച്ചപ്പോഴും അഭിരുചിപരമായി അടുപ്പം തോന്നിയ വൈദേശിക മനസ്സുകളോട് ആദരവ് പ്രകടിപ്പിച്ചപ്പോഴും പുതിയ ദിശാബോധം നൽകി മലയാള സാഹിത്യാസ്വാദനം അർത്ഥവത്താക്കിയപ്പോഴുമെല്ലാം കെ.പി.അപ്പനെ നയിച്ചത് ഭാരതീയമനസ്സായിരുന്നു. കുട്ടികൃഷ്ണമാരാർ, സാഹിത്യപഞ്ചാനനൻ, കുറ്റിപ്പുഴ, മുണ്ടശ്ശേരി തുടങ്ങിയവരെക്കുറിച്ചുള്ള ലേഖനങ്ങളിൽ ഇത് കാണാം. സാഹിത്യപഞ്ചാനനനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ (കാലഘട്ടത്തിന്റെ പരിമിതികൾ സ്വന്തം നേട്ടങ്ങൾ) 'ഭാരതീയ ക്ലാസ്സിക്കുകളോടും ചിന്തയോടും ജീവിതരീതിയോടുമുള്ള ആദരവാണ് അദ്ദേഹത്തിന്റെ കാലചിന്തയുടെ പ്രചോദനലഹരി' എന്നും അദ്ദേഹത്തിന്റെ വിമർശനപദ്ധതിയുടെ വേരുകൾ ഭാരതീയസൗന്ദര്യദർശനത്തിൽ തന്നെയാണ് എന്നും പറയുന്നു. കുറ്റിപ്പുഴയുടെ നിരൂപണങ്ങളെ ആസ്പദമാക്കിയുള്ള അന്വേഷണത്തിൽ (ഒറ്റയാന്റെ ഇതിഹാസം) കുറ്റിപ്പുഴയുടെ ആശയസമരം ഭാരതീയരായ കപിലനെയും ചാർവ്വാകനെയും മുൻനിർത്തിക്കൊണ്ടായിരുന്നു എന്ന് സൂചിപ്പിക്കുന്നു. മരാരുടെ നിരൂപണങ്ങളെ പഠിക്കുന്ന 'ഒരു ഹിംസാത്മക വ്യക്തിത്വത്തിന്റെ പരിണാമം' എന്ന ലേഖനം ഭാരതീയ ഭാവങ്ങൾ അലിഞ്ഞുകിടക്കുന്നതാണ് മരാരുടെ വിമർശനപ്രതിഭ എന്ന് സ്ഥാപിക്കുന്നു. മലയാള വിമർശനത്തിൽ ആദ്യമായി ദാർശനികമായ തലങ്ങളിൽനിന്നുകൊണ്ട് കലയേയും കാലത്തേയും ബന്ധപ്പെടുത്താനുള്ള ശ്രമം തുടങ്ങിവച്ചത് മാരാരാണെന്ന് അപ്പൻ അഭിപ്രായപ്പെടുന്നു.[6]

### 4 രസസിദ്ധാന്തത്തിന്റെ പുനർവായന

കെ.പി.അപ്പന്റെ പ്രായോഗിക നിരൂപണങ്ങളിലെ പ്രകടമായ സാന്നിദ്ധ്യമാണ് ഭാരതീയ സൗന്ദര്യശാസ്ത്രചിന്തകൾ. എം.ടിയുടെ 'മഞ്ഞി'ലെ ഒഴുകുന്ന മനസ്സിന്റെ പിന്നിലുള്ള ജ്ഞാനം തികച്ചും ഭാരതീയമാണെന്നും 'ശ്യാമസാഗരത്തിന്റെ ശാന്തഭാവം പ്രകടിപ്പിക്കുന്ന ഭാഷയാണ് ഈ നോവലിലേതെന്നും അപ്പൻ വിശേഷിപ്പിക്കുന്നു. 'നിരാനന്ദത്തിന്റെ ചിരി' എന്ന ഒ.വി.വിജയന്റെ ഖസാക്കിന്റെ ഇതിഹാസ'ത്തെക്കുറിച്ചുള്ള നിരൂപണത്തിൽ

വിജയന്റെ ഭാഷയെ ഭർതൃഹരിയുടെ സ്ഫോടസിദ്ധാന്തത്തിന്റെ പിൻബലത്തിലാണ് വിശദീകരിക്കുന്നത്. മലയാള പ്രതിഭയുടെ രണ്ടുഭാവങ്ങളായ ഭക്തിയുടെയും ശൃംഗാരത്തിന്റെയും മാറിയ ഭാവങ്ങളാണ് ഒ.വി.വിജയന്റെ നോവലുകളിൽ കാണുന്നതെന്ന് നിരീക്ഷിക്കുന്നുണ്ട്. ശൃംഗാരത്തിൽനിന്നാണ് ഹാസ്യം ജനിക്കുന്നതെന്ന ഭരതമുനിയുടെ ദർശനത്തിലാണ് വി.കെ.എൻ–ന്റെ (കോമളിയുഗത്തിലെ പുരുഷഗോപുരങ്ങൾ) ഹാസ്യഭാവനയ്ക്ക് അശ്ലീലത്തോടുള്ള സ്വാഭാവികമായ ആഭിമുഖ്യത്തെക്കുറിച്ച് വിശദീകരിക്കുന്നത്. ചാർവ്വാകൻമാരുടെ നിഷ്ഠൂരമായ നിഷേധച്ചിരി മലയാള പ്രതിഭ വീണ്ടെടുത്തത് വി.കെ.എന്നിലൂടെയാണെന്നും അപ്പൻ അഭിപ്രായപ്പെടുന്നു. സേതുവിന്റെ 'പാണ്ഡവപുര'ത്തെക്കുറിച്ചുള്ള പഠനത്തിൽ മഹാഭാരതത്തിലെ പാണ്ഡവരുടെ കഥയിലും മണിപ്രവാള സംസ്കാരത്തിലുമാണ് അതിന്റെ വേരുകൾ അപ്പൻ കണ്ടെത്തുന്നത്.[7]

ഒ.വി.വിജയന്റെയും മാധവിക്കുട്ടിയുടെയും കാക്കനാടന്റെയും കൃതികളിലെ ലൈംഗികതയുടെ ആവിഷ്ക്കാരത്തെക്കുറിച്ച് വിശകലനം ചെയ്യുമ്പോൾ 'സെക്സിന്റെ നേർക്കുള്ള ഇത്തരം ദാർശനികസമീപനം നമ്മുടെ പാരമ്പര്യവുമായി ഇണങ്ങിപ്പോകുന്നതാണെന്നാണ് അദ്ദേഹത്തിന്റ പക്ഷം. വാത്സ്യായനന്റെ കാമസൂത്രത്തെയും കാളിദാസന്റെ കുമാരസംഭവത്തെയും ഗീതാഗോവിന്ദത്തെയും പ്രാചീനശില്പകലയെയും ഉദാഹരിച്ചുകൊണ്ട് ഇത് നമ്മുടെ പാരമ്പര്യമാണെന്ന് സ്പഷ്ടമാക്കുന്നുമുണ്ട്. മാത്രമല്ല സെക്സിന്റ ഉറവിടം ഏതോ ദിവ്യഭാവത്തിൽ നിന്നായിരിക്കണം എന്ന് ഊഹിക്കാവുന്നതാണ് എന്നഭിപ്രായപ്പെടുകയും സ്ത്രിപുരുഷബന്ധത്തിന്റ നഗ്നമായ വിശദാംശങ്ങൾ നൽകുന്ന മാധവിക്കുട്ടിയുടെ കഥകളിൽ കൃഷ്ണകാമുകിയുടെ ദു:ഖം കൂടിഅലിഞ്ഞു ചേർന്നിരിക്കുന്നത് ഈ പ്രത്യേകതകൊണ്ടാണെന്ന് ഉദാഹരിക്കുന്നു.ലൈഗികതയെ തിന്മയായി കാണാത്ത എഴുത്തുകാരന്റ ദർശനം യോഗിയുടെ ദർശനത്തിനു തുല്ല്യമായി കാണുകയും കലാപരമായ അനാസക്തി എന്നുവിശേഷിപ്പിക്കുകയുമാണ് ചെയ്തത്.'[8] 'കഥ:ആഖ്യാനവും അനുഭവസത്തയും' എന്ന നിരൂപണഗ്രന്ഥത്തിലും ഭാരതീയ സൗന്ദര്യ ശസ്ത്രചിന്തകൾ കണ്ടെത്താം. ഒ.വി.വിജയന്റ 'അരിമ്പാറ'' എന്ന കഥയെക്കുറിച്ച് പഠിക്കുന്ന ലേഖനത്തിൽ രസദർശനങ്ങളുടെ ലോകത്തിൽ 'അരിമ്പാറ' ഒരു വിപ്ലരചനയാണെന്ന് കെ.പി.അപ്പൻ സമർത്ഥിക്കുന്നു. ഈ കഥയിലുടനീളം നിറയുന്ന സ്ഥായിഭാവം ജുഗുപ്സയാണെന്നും ബീഭത്സ രസത്തിന്റ നടനവിലാസമായി ഈ കഥ മാറുന്നുവെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. രസത്തിന്റ അഭിവ്യക്തിക്കു സഹായകമായ ആലംബന ഉദ്ദീപന വിഭാവങ്ങളെയും കഥയിൽ കണ്ടെത്താൻ അദ്ദേഹത്തിനുകഴിയുന്നുണ്ട്.വി.കെ.എൻ –ന്റ 'ലഞ്ച്''എന്ന കഥയെ നിരൂപിക്കുമ്പോൾ ഭാഷയുടെ കാര്യത്തിൽ വി.കെ.എൻ. തോലകവിയുടെ സ്വാതന്ത്ര്യമാണ് പ്രകടിപ്പിക്കുന്നതെന്നും, ശബ്ദാർത്ഥരചനകൾകൊണ്ടു സൃഷ്ടിക്കപ്പെട്ട വിചിത്രോക്തികൾ കഥയുടെ ഭാഷാലോകത്തിൽ നിറയുന്നുവെന്നും വിശദമാക്കുന്നു. ഹാസത്തിൽനിന്നാണ് ഹാസ്യമുണ്ടാകുന്നത് എന്ന ഭരതമുനിയുടെ വ്യാഖ്യാനത്തിന് പുതിയൊരുമാനം നൽകിക്കൊണ്ട് വി.കെ.എൻ. എന്ന സ്രഷ്ടാവിന്റ ബുദ്ധിയിൽനിന്നാണ് ഇവിടെചിരിയുണ്ടാകുന്നത് സമർഥിക്കുകയും, ഇത് വി.കെ.എൻ. ചിരിയുടെ രസശാസ്ത്രത്തിൽ സൃഷ്ടിക്കുന്ന പുതിയൊരു ആനന്ദവാദമാണെന്ന നിഗമനത്തിൽ എത്തുന്നു. വി.പി.ശിവകുമാറിന്റ 'പന്ത്രണ്ടാംമണിക്കൂർ' എന്ന കഥയ്ക്ക് ഭയാനകരസത്തിന്റ നിറമായ കറുപ്പാണെന്നും ഈ കഥയിൽസ്ഥായിഭാവം ഭയവും രസം ഭയാനകവുമായി ത്തീരുന്ന അനുഭവമുണ്ടാകുന്നുവെന്നും നിരീക്ഷിക്കുകയും ഭയാനകരസത്തെ ശബ്ദവാച്യമാക്കാതെയുള്ള ആഖ്യാനം കഥയെ വ്യംഗ്യപ്രധാനമായസൃഷ്ടിയാക്കി മാറ്റുന്നു എന്ന്സ്ഥാപിക്കുകയും ചെയ്യുന്നു.[9] ഭാരതീയ സാഹിത്യസിദ്ധാന്തങ്ങളുടെ സാർവ്വകാലികമായ അംഗീകാരത്തിന്റ നിദർശനം കൂടിയാണിത്.

സൂക്ഷ്മമായ അപഗ്രഥനത്തിൽ കെ.പി.അപ്പന്റെ നിരൂപണങ്ങൾ ഭാരതീയ സൗന്ദര്യദർശനത്തിന്റെ ഭൂമി

കയിലാണ് നില്ക്കുന്നതെന്ന് മനസ്സിലാക്കാം.പാശ്ചാത്യ ആധുനികരുടെ സൗന്ദര്യസങ്കല്പങ്ങളോട് ചേർന്നുനിന്ന് മലയാളത്തിലെ ആധുനികകൃതികളെ സമീപിച്ചപ്പോഴും വിമർശനബോധത്തിൽ മതാതീതമായ ആത്മീയത വളർത്തിയെടുക്കാൻ അദ്ദേഹത്തെ സഹായിച്ചത് ഭാരതീയ സൗന്ദര്യദർശനത്തിലുള്ള അദ്ദേഹത്തിന്റെ സൃഷ്ടിപരമായ പക്ഷപാതിത്വമാണ്.

## REFERENCES (കുറിപ്പുകൾ)


1. പ്രതാപൻതായാട്ട്, എഡി.,കെ.പി.അപ്പൻ ,പുറം 496
2. കെ.പി.അപ്പൻ,ഇന്നലകളിലെ അന്വേഷണ പരിശോധനകൾ,പുറം 67
3. കെ.പി.അപ്പൻ,സമയപ്രവാഹവും സാഹിത്യകലയും,പുറം 101
4. അവലംബം അതേപുസ്തകം
5. കെ.പി.അപ്പൻ,തിരസ്കാരം,പുറം 27
6. അവലംബം, കെ.പി.അപ്പൻ ,കലഹവും വിശ്വാസവും
7. അവലംബം, കെ.പി.അപ്പൻ,മാറുന്ന മലയാള നോവൽ
8. അവലംബം, കെ.പി അപ്പൻ,കലഹവും വിശ്വാസവും
9. അവലംബം, കെ.പി അപ്പൻ, കഥ:ആഖ്യാനവും അനുഭവസത്തയും


### സഹായക ഗ്രന്ഥങ്ങൾ


1. പ്രതാപൻതായാട്ട്, (എഡി.),കെ.പി.അപ്പൻ ,ഹരിതംബുക്സ്,കോഴിക്കോട്,2010.
2. കെ.പി.അപ്പൻ,ഇന്നലകളിലെ അന്വേഷണ പരിശോധനകൾ,ഡി.സി.ബുക്സ്,കോട്ടയം,2000.
3. കെ.പി.അപ്പൻ,സമയപ്രവാഹവും സാഹിത്യകലയും,ഡി.സി.ബുക്സ്,കോട്ടയം,2002.
4. കെ.പി.അപ്പൻ,തിരസ്കാരം,സൈന്ധവബുക്സ്,കെല്ലം,2006.
5. കെ.പി.അപ്പൻ ,കലഹവും വിശ്വാസവും,എച്ച് ആൻഡ് സി ബുക്സ്,തൃശൂർ,2006.
6. കെ.പി.അപ്പൻ,മാറുന്ന മലയാള നോവൽ,ഡി.സി.ബുക്സ്,കോട്ടയം,2007.
7. കെ.പി അപ്പൻ, കഥ:ആഖ്യാനവും അനുഭവസത്തയും,ഡി.സി.ബുക്സ്,കോട്ടയം,1999.
8. വേദബന്ധു, ഭാരതീയകാവ്യശാസ്ത്രസാരം,എൻ.ബി.എസ്.,കോട്ടയം,1976